സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സംവിധാനം

41 [815] ശ്രീ. തന്നാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള സംവിധാനത്തിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) വിവര സാങ്കേതിക രംഗത്ത് പരിശീലനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് സംസ്ഥാന നിലവാരത്തിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ എസ്. സി. ആർ. ബി.-യിൽ 15-4-2004-ലെ സർക്കാർ ഉത്തരവ് (ആർടി.) 909/04/ആഭ്യ. നമ്പർ പ്രകാരം സ്ഥാപിച്ചിട്ടുണ്ട്.

(ബി, സി) ഇപ്പോൾ പരിഗണനയിലില്ല.

സബ് ഇൻസ്പെക്ടറുടെ മരണം

42 [816]. ശ്രീ. കെ. വി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ സന്തോഷ്കുമാർ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് സംബന്ധിച്ച് ബന്ധുക്കളിൽനിന്നും എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണങ്ങൾ നടത്തി വരുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആർക്കാണ് അന്വേഷണ ചുമതല എന്നും അന്വേഷണം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ടിയാന്റെ സഹോദരൻ രാജുവിൽനിന്നും ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 4/05 യു/എസ് 174 സി. ആർ. പി. സി. പ്രകാരം 5-1-2005-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 7-1-2005-ന് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ക്രൈം നമ്പർ 13/സി. ആർ./കെ.എൻ.ആർ./05 ആയി കണ്ണൂർ ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ട് കേസ് അന്വേഷണം നടത്തിവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly